പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.467 — 6.3.2012 ൽ മറുപടിയ്ക്ക്

## സോഷ്യൽ സെക്യൂരിറ്റി മിഷൻ പദ്ധതികൾ

ചോദ്യം — ഉത്തരം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി — ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മുതിർന്ന പൌരന്മാർ, വിധവകൾ, വികലാംഗർ, അഗതികൾ എന്നിവരുടെ ക്ഷേമം മുൻനിർത്തി നടപ്പിലാക്കിവരുന്നതും, ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ വിശദീകരിക്കുമോ ; | എ) കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന മുതിർന്ന പൌരന്മാർ, വികലാംഗർ, അഗതികൾ എന്നിവർക്കായി നടപ്പാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>(1) <u>വയോമിത്രം പദ്ധതി</u><br><br>65 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതിയിലൂടെ വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനുള്ള ഹെൽപ്പ് ഡെസ്ക്, മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് ഹോംകെയർ യൂണിറ്റ് തുടങ്ങിയവയും, കൌൺസിലർമാരുടെ സേവനം, ആവശ്യമായ മരുന്ന്, ആംബുലൻസ് സൌകര്യം എന്നിവയും ലഭ്യമാണ്. സംസ്ഥാനത്തെ 14 ജില്ല ആസ്ഥാനങ്ങളിലെയും കോർപ്പറേഷൻ/ മുനിസിപ്പൽ പ്രദേശത്ത് ഈ പദ്ധതി പ്രവർത്തിച്ചു വരുന്നു.<br><br>(2)<u>വൈകല്യ നിർണ്ണയ മെഡിക്കൽ ക്യാമ്പ്</u><br><br>സംസ്ഥാനത്തെ അർഹരായ മുഴുവൻ വികലാംഗരെയും പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്റ്റിന്റെ പരിധിയിൽ കൊണ്ടു വന്ന് അവർക്ക് അർഹതപ്പെട്ട |

| | |
|---|---|
| | സഹായകരമായ തിരിച്ചറിയൽ കാർഡും/ സർട്ടിഫിക്കറ്റും ബ്ലോക്കടിസ്ഥാനത്തിൽ ക്യാമ്പുകൾ നടത്തി തൽസമയം വിതരണം ചെയ്യുന്ന പദ്ധതി.<br><br>**3. ആശ്വാസകിരണം പദ്ധതി**<br><br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 400/- രൂപ ധനസഹായം നൽകുന്നതാണ് ആശ്വാസകിരണം പദ്ധതി<br><br>**4. സ്നേഹസ്പർശം പദ്ധതി**<br><br>ചൂഷണത്തിന് വിധേയരായ അവിവാഹിതരും അഗതികളുമായ അമ്മമാർക്ക് പ്രതിമാസം 1000/- രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്. |
| (ബി) ഈ രംഗത്ത് സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു ? | (ബി) വയോജനനയം 2006 വിഭാവനം ചെയ്യുന്ന വിവിധ പദ്ധതികളും പരിപാടികളും ആവശ്യമെങ്കിൽ പരിഷ്കരിച്ച് കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

R. Vijay

സെക്ഷൻ ഓഫീസർ